(സി) സദാനന്ദന് പ്രസ്തുത തസ്തികയിൽ എത്ര വർഷത്തെ സർവീസുണ്ട്; എത്ര ഇൻക്രിമെന്റ് ലഭിച്ചിട്ടുണ്ട്;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് കുക്കായി ആഭ്യന്തരം, ആയുർവേദം തുടങ്ങിയ വകുപ്പുകളിൽ നിയമനം കിട്ടിയവരെ സ്ഥിരപ്പെടുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി, സി & ഡി) വിശദമായ അന്വേഷണം നടത്തുന്നതാണ്.

## പാർലമെന്ററി കാര്യ വകുപ്പിന്റെ പ്രവർത്തനം

28. [2915] ശ്രീ. സാജു പോൾ:
" കെ. വി. കുഞ്ഞിരാമൻ:
" പി. കൃഷ്ണപ്രസാദ്:
" കെ. കെ. ജയചന്ദ്രൻ:
" കെ. കെ. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർലമെന്ററികാര്യ വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പുതുതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പാർലമെന്ററി അഫയേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ എന്തെല്ലാം പരിപാടികളാണ് നടപ്പാക്കുന്നത്;

(സി) പാർലമെന്ററി ജനാധിപത്യ സംവിധാനത്തെ സംബന്ധിച്ച് പഠിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള യൂണിവേഴ്സിറ്റിയിൽ പാർലമെന്ററികാര്യ വകുപ്പ് ഇതിനായി ഒരു ചെയർ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ അനുബന്ധത്തിൽ ചേർത്തിട്ടുള്ള കാര്യങ്ങളും നടപ്പാക്കുന്നതാണ്.

## 2006-07 സാമ്പത്തിക വർഷത്തിലെ റെയിൽവേ ബഡ്ജറ്റിലെ സംസ്ഥാന വിഹിതം

29. [2916] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

" യു. സി. രാമൻ:

" അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-07 സാമ്പത്തിക വർഷത്തിലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ റെയിൽവേ വികസനത്തിനായി എത്ര കോടി രൂപയുടെ പദ്ധതികളാണ് വകയിരുത്തിയിരുന്നത്;

(ബി) ഇതിൽ എത്ര കോടി രൂപയുടെ ഏതെല്ലാം പദ്ധതികൾക്ക് മുഴുവൻ തുകയും ലഭിച്ചു; ഇനി ഏതെല്ലാം പദ്ധതികൾക്ക് അനുമതിയും ഫണ്ടും ലഭിക്കുവാനുണ്ട്;

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും ഫണ്ടുമുഴുവൻ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) എറണാകുളം മെട്രോ റെയിൽവേ പദ്ധതികൾക്കായി ഇതിനകം എന്തു തുക ചെലവഴിച്ചു;

(ഇ) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു ?

## ഉത്തരം

(എ, ബി & സി) റെയിൽവേ അധികൃതരിൽനിന്നും ശേഖരിച്ച് നൽകുന്നതാണ്.

(ഡി & ഇ) കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ പണി ആരംഭിച്ചിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാദ്ധ്യതാപഠനത്തിനും മറ്റുമായി 97,49,388 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly